**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** **07-12-2022 - ൽ മറുപടിയ്ക്ക്**

**കുമ്പള കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതിന് ഡി.പി.ആർ സമർപ്പിച്ച കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ 22.38 കോടി രൂപയുടെ ഡി.പി.ആർ നബാർഡ് RIDF XXVII ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ 22.38 കോടി രൂപയുടെ ഡി.പി.ആർ നബാർഡ് RIDF XXVII ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല. |
| (സി) | നടപ്പ് വർഷം പ്രസ്തുത പദ്ധതി നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരിൽനിന്നും നബാർഡിലേക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | നടപ്പ വർഷം ഡി.പി.ആർ ലഭ്യമാകാത്തതിനാൽ ഈ പദ്ധതി ഭരണാനുമതിക്കു വേണ്ടി സമർപ്പിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; പദ്ധതി പൂർത്തീകരിക്കുമ്പോൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്ന ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ? | (ഡി) | പ്രസ്തുത സ്ഥലത്ത് നിലവിലുള്ള കാലപ്പഴക്കമേറിയ SWECB (Salt Water Extruder Cum Bridge) യുടെ സ്ഥാനത്ത് പുതുതായി ഒരു SWECB നിർമ്മിക്കുന്നതിനും, പദ്ധതിക്കാവശ്യമായ പുഴയുടെ കര സംരക്ഷണപ്രവൃത്തികളും പാലത്തിന് ഇരു കരയിലുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡുകളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി കടലിൽ നിന്നുള്ള ഉപ്പുവെള്ളം കുമ്പള പുഴയിലേയ്ക്ക് കടന്നുകയറുന്നതിനെ തടയുന്നതിനും, അതുവഴി ബംബ്രാണ, കോയിപ്പാടി ഗ്രാമങ്ങളിലെ കൃഷിയുടെ വിളവ് വർദ്ധിക്കുന്നതിനും സഹായകമാകുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ പാലം നിർമ്മാണത്തിലൂടെ ബംബ്രാണ, കോയിപ്പാടി എന്നീ വില്ലേജുകളും, കുമ്പള ടൗണും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനമായ റോഡു കൂടി നിലവിൽ വരുന്നതോടെ |

| | | | |
|---|---|---|---|
| | | | കർഷകരുടെയും പൊതു ജനങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കും. |

സെക്ഷൻ ഓഫീസർ